## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3423 | 16/12/2015-ൽ മറുപടിയ്ക്ക്

### ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.ഡൊമിനിക്പ്രസന്റേഷൻ<br>ശ്രീ.വർക്കലകഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും, ബഹു. സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്ക്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പു വരുത്തുന്നതിലേക്ക് പ്രോത്സാഹനം |

| | | | |
|---|---|---|---|
| | | | എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകി വരുന്നു. ഇതിലേക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചു വരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ